MES KEVEEYAM COLLEGE
VALANCHERY | MALAPPURAM | KERALA
NAAC Re-accredited with 'A+' Grade
www.meskeveeyamcollege.ac.in


CALL 181 WOMEN HELPLINE

# Release of

# MANUSCRIPT MAGAZINE

# *DIVA*



On 22.12.2023
9.45 am
@ AV Hall

**ALL ARE WELCOME**

Dr. VINOD KUMAR K P
Principal

BY

KSWDC WOMEN CELL


head@kswdc.org - info@kswdc.or

she transcends

The Kerala State Women's Development Corporation Ltd.(KSWDC)

Department of women & Child Development, Govt. of Kerala

1st Floor, Transport Bhavan, KSRTC Building, Eastfort,Attakulangara P.O, Thiruvananthapuram-695023, Kerala, India.0471-2454585, 2454570, 9496015015, 949601501



# DIVA

MANUSCRIPT MAGAZINE

PREPARED BY

KSWDC WOMEN CELL

MES KEVEEYAM COLLEGE VALANCHERY

# Principal's Message

It brings me great pleasure to extend my warmest greetings through the pages of our magazine as we celebrate the remarkable efforts of the women Empowerment cell at MES Keveeyam college. In a world that constantly evolves, the pursuit of gender equality remains an indispensable mission, and our dedicated team at the women Empowerment cell is at the forefont of this noble cause.

I am deeply appreciative of the hard work and commitment exhibited by the members of our women Empowerment cell, who consistently strive to create a nurturing environment that fosters equality, respect and empowerment. It is through their tireless dedication that we witness positive transformations within our college community and beyond.

I would like to take this moment to express my heartfelt gratitude to the driving forces behind the women Empowerment cell: the coordinator, Dr. Soumini, and the joint coordinators, Anupama and Dr. Janeeshma. Their exemplary leadership, passion and steadfast commitment have played a pivotal role in propelling the cell to new heights. Dr. Soumini's vision and efforts have not only shaped the cell but have also served as a beacon, inspiring others to actively contribute to the cause of women's empowerment.

As we delve into the pages of this magazine, let us not only celebrate the achievements of the women Empowerment cell

but also reflect on the collective responsibility we share in advancing the principles of gender equality. Together, let us continue to build a future where every individual, regardless of gender, can thrive and contribute to the betterment of society.

Wishing you an insightful and empowering read.

Warm regards

Dr. Vinod Kumar .KP

'ദിവ'യിലെ കുഞ്ഞു നക്ഷത്രങ്ങൾക്ക്

പൂക്കൾക്ക് പറവകൾക്ക് ദിവകൾക്ക്

ഒരായിരം ആശംസകൾ

Dr. SOUMINI-C

വുമൺ സെൽ

കോർഡിനേറ്റർ

# Editorial Board


| | |
|---|---|
| Patron | Dr. Vinod Kumar K.P. (Principal) |
| Women Cellcoordinator | Dr. Soumini C. |
| Staff Editor | Dr. Janeeshma E. |
| Cover Designing | Murshida Sherin Kavungal |
| Student Editors | |
| Coordinator | Salima P. |
| Editors | Murshida Sherin Kavungal.<br>Fathima Shafna<br>Hanan<br>Shahana Sherin K.K.<br>Liyana<br>Amna K.<br>Fathima Hannan<br>Ansiya T. |

# എഡിറ്റോറിയൽ

തുന്നിച്ചേർക്കപ്പെട്ട
ഈ അക്ഷരങ്ങൾ;
ഈ വരകൾ;
ഈ വർണ്ണങ്ങൾ;

നഷ്ടപ്പെടലുകളുടെ,
വിരഹത്തിന്റെ,
വെട്ടിപ്പിടിക്കലിന്റെ,
കഥകളാണ്...

ഓരോ 'ദിവ' യുടെയും
ഉയിർപ്പൂക്കുന്നിടത്ത്,
ഉടൽ ചോക്കുന്നിടത്ത്,
ഇനിയൊരു ഉയർത്തെഴുന്നേൽപ്പിനായ്...

ഞങ്ങൾ നിങ്ങൾക്കായ് സമർപ്പിക്കുന്നു.
നമ്മളിലെ 'ദിവ'കൾക്കായ്...
'ദിവ'യുടെ ഓരോ താളുകളും ഒരു ലോകം
നിങ്ങൾക്കായ് തുറക്കുന്നു.

Editorial Team
Dept. of Botany.


Women
Sayyidath minha KP
I Bsc Zoology

# കാത്തിരിപ്പ്

ചിലനേരം ആ വേർപാട് വല്ലാതെ അലട്ടും.
വരുമെന്ന് അറിയാം...
രണ്ടാണ്ടുകൾക്ക് ശേഷം,
മരുഭൂമിയിൽ വെയിലേറ്റ്
മുറിവേൽക്കുന്നതിലും
മക്കളുടെ പുഞ്ചിരിയാണാ മനുഷ്യൻ
കാണുന്നത്
സ്വപ്നങ്ങളിൽ വന്ന് തലോടാറുണ്ട്
സ്നേഹം തരാറുണ്ട്
പറയാനുള്ളത് പറയാറുമുണ്ട്
അതിലുപരി
ചേർത്തുപിടിക്കാറുമുണ്ട്.
എവിടെയാണാ മനുഷ്യൻ സങ്കടങ്ങൾ ഒതുക്കാറ്,
ഉമ്മയുടെ സാമീപ്യത്തിലോ
അതോ തലയിണയിലോ
കുറച്ചു തണുക്കുന്നുണ്ടാവും
മുസല്ലയിൽ നാഥന്റെ
മുമ്പിലായിരിക്കും യാഥാർഥ്യത്തിൽ
ഞെരിഞ്ഞമരുന്നതും തണുക്കുന്നതും
എല്ലാം...
അതാണവിടുന്ന് പഠിച്ച ഉൾപാഠം.
ചില നിമിഷം ഭ്രാന്താവും.
ആ വാത്സല്യം ഇല്ലാതെ...

ഓർത്തോർത്ത് റബ്ബിന്റെ മുമ്പിൽ

നൊമ്പരപ്പെടും.

നിദ്രയെ പുൽകും,

ആ സ്വപ്നത്തിലാണ് പൊന്നുപ്പ

ചുടുചുംബനം നൽകാറ്

കാത്തിരിപ്പാണ് കാണുവാനായി.

ഫക്കല്ലാഹ് ആഫിയത്തും

ദീർഘായുസ്സും.

Fasna Sheri K.P.

MA. ENGLISH. I[st] year

# പറഞ്ഞുതീരാൻ കൊതിച്ചത്....



പറഞ്ഞറിഞ്ഞ കഥകൾക്കപ്പുറമുള്ള ഏകാന്തതയാണ് യഥാർത്ഥ മനുഷ്യജീവിതമെന്ന് പണ്ടാരോ പറഞ്ഞത് ഈയിടെയായി വല്ലാതെ ഓർമ്മകളിൽ നിറയുന്നുണ്ട്. തിരക്കുപിടിച്ച ഔദ്യോഗിക പദവിക്കും ചീറിപ്പായുന്ന മനുഷ്യജീവിതത്തിനും പരിസമാപ്തി വന്നുചേർന്നപ്പോഴാണ് ഞാൻ ജീവിതയാഥാർത്ഥ്യങ്ങളുടെ അനന്തസാഗരം വറ്റിക്കാൻ വീർപ്പുമുട്ടുന്നത്. എന്തോ എവിടെയോ അപര്യാപ്തമായി തോന്നുന്നു. എന്തോ പറയാനായി മാറ്റിവെച്ചപോലെ... ആരോടോ പറയാൻ മറന്നത്....

റിട്ടയർമെന്റ് ജീവിതം ദുസ്സഹമാണ്. പോലീസ് മേധാവിത്വത്തിലെ പൗരുഷവും അഭിമാനവുമൊന്നും അറുതിവന്നെന്നത് വിശ്വസനീയമല്ല. സുധയുടെ ചായയിൽ പതിവിലും മാധുര്യം കുറവാണ്. സംസാരപ്രിയയായിരുന്ന വീണമോൾക്കും ചിരിയിൽ മാധുര്യമില്ല. തന്റെ അമ്മയുടെ ഓർമ്മകൾ ഈയിടെയായി മനസ്സിൽ നിന്നും വിട്ടുമാറുന്നില്ല. തങ്ങൾ ഒരുമിച്ച് കഴിച്ചുകൂട്ടിയ ഇരുണ്ട ദിനരാത്രങ്ങളും ഓലക്കൊടിയുടെ ഇരുണ്ട പുകയ്ക്കിടയിലും അമ്മയുടെ താരാട്ടിൽ സ്വർഗ്ഗം കണ്ടെത്തിയിരുന്ന ആ പഴയ കൃഷ്ണൻകുട്ടിക്ക് നന്നേ പഴക്കം ചെന്നു. മാതൃത്വം എത്ര പവിത്രമാണെന്നത് ഞാൻ വല്ലാതെ ഓർക്കുന്നു. അതെ!!

ഇതു തന്നെയാണ് ഇത്ര ദിവസമായി തന്റെ ഓർമ്മയുടെ ഞരമ്പുകളെ പിടിച്ചുകുലുക്കിയിരുന്ന ആ തീക്ഷ്ണതയുടെ കനൽ "അമ്മ". പാൽ പോലെ നിറഞ്ഞൊഴുകുന്ന ആ വാക്ക് എന്തോ എന്റെ ഓർമ്മയിൽ വന്നില്ല? എന്തു കൊണ്ട് ഈ പാപി അതോർത്തില്ല?

കണ്ണൂർ ജയിൽ സൂപ്രണ്ടന്റായിരിക്കെ തന്റെ ഔദ്യോഗിക ജീവിതത്തിൽ നടന്ന സുപ്രധാന വിഷയം ഞാൻ ഓർമ്മയുടെ വിങ്ങലിൽ നിന്നും മറവിയുടെ ഒളിവിലേക്ക് പറഞ്ഞുവിടാൻ തുനിഞ്ഞിരുന്നു. പാലക്കാട്ടെ

അപ്പുവും അവന്റെ വൃദ്ധയായ അമ്മയും എന്റെ മനസ്സിൽ നിന്നും മായാൻ തുടങ്ങിയിരിക്കുന്നു. കൊലപാതകശ്രമമാണ് കുറ്റം. പീഡനത്തിന്റെ കറുത്ത നിഴലുകൾ അപ്പുവിനു നേരെ പതിപ്പിക്കാൻ മുകളിൽ നിന്നും കടുത്ത സമ്മർദ്ദമുണ്ടായിരുന്നു. തന്റെ ജീവിതോപാധിയായ ഈ ജോലി പോകാതിരിക്കുവാൻ ചിലത് കണ്ടില്ലെന്നു നടിക്കുന്നത് ഏറെ ദുസ്സഹമല്ല. അവനെ തന്റെ പൊളിഞ്ഞുവീഴാറായ കുടിലിൽ നിന്നും പോലീസ് വാഹനത്തിലേക്ക് കയറ്റുമ്പോൾ ഇരുകയ്യും മാറോടണച്ച് സ്വയം കുറ്റാരോപിതയായി വിങ്ങുന്ന ആ അമ്മയുടെ ഹൃദയം ഇന്നും എന്റെ തുടിപ്പിൽ അവശേഷിക്കുന്നുണ്ട്.
"അമ്മേ... ഞാനല്ല... ഞാനല്ല എന്റെ അനുജത്തിയെ മരണത്തിലേക്ക് കൈപിടിച്ച് നടത്തിയതെന്ന്" അവൻ ഉറക്കെ ചീറുന്നുണ്ടായിരുന്നു. വാസ്തവമാണ്. തന്റെ അച്ഛന്റെ അന്ത്യത്തിനുശേഷം കുഞ്ഞുപെങ്ങളെ ജീവിതത്തിലേക്ക് കൊണ്ടുവന്ന ആ ബാലന് എങ്ങനെയവളെ കളങ്കയാക്കാൻ സാധിക്കും? എന്തിനവൻ അവളുടെ മാറിടങ്ങളെ ശൂന്യമാക്കാൻ ശ്രമിക്കണം?

ഇതെല്ലാം കണ്ടില്ലെന്നു നടിക്കുക പ്രയാസകരമെന്നിരുന്നാലും തന്റെ പദവിയിൽ ശീലമാണ്. മാത്രമല്ല, മന്ത്രിയുടെ പുത്രന്റെ ലീലാവിലാസങ്ങൾക്കു മേൽ നിരപരാധികളുടെ ജീവൻ പൊലിയുന്നിതാദ്യമായല്ല.

സ്വന്തം അനിയത്തിയുടെ ദാരുണാന്ത്യത്തിന്റെ കാവലാളായ അവന് മരണമല്ലാതെ മറ്റൊരു ശിക്ഷയും ഈ ഭരണകൂടത്തിന് നൽകുവാൻ നിവർത്തിയില്ല. കഴുത്തിൽ ആരാച്ചാരുടെ കയർ മുറുകുന്നതിനു മുമ്പേ അവൻ പറഞ്ഞത് തന്റെ അമ്മയെ ഒരുനോക്ക് കാണുവാനായിരുന്നില്ല..... തന്റെ പെങ്ങളുടെ ശവകുടീരത്തിന് ഒരുപറ്റം പുഷ്പങ്ങളർപ്പിക്കുവാനായിരുന്നില്ല.... മറിച്ച് ഒരു പോലീസുകാരൻ ജീവിതത്തിൽ കേൾക്കാൻ വെറുക്കുന്ന ആ വാക്കായിരുന്നു... "നീതി". ഇനിയൊരിക്കലും ഇത്തരമൊരു സാഹചര്യത്തിൽ ഒരു ജീവനും പൊലിയരുതെന്ന് അവൻ എന്നോട് കൽപ്പിച്ചിരുന്നു. തന്റെ കുഞ്ഞനുജത്തിയുടെ ഘാതകരോടുള്ള പ്രതികാര-

ദാഹത്തിനുമേൽ തന്റെ നാട്ടിലുള്ള ഓരോ ജീവനും വേണ്ടിയുള്ള പോരാട്ടമായിരുന്നു അവന്റെ കണ്ണിലെരിയുന്ന അഗ്നി. അതിനൊരു നിറമേ ഉണ്ടായിരുന്നുള്ളൂ.... സ്വാതന്ത്ര്യദാഹം.... തനിക്ക് ഒന്നും ബാക്കിയില്ലെന്നറിഞ്ഞിട്ടും, തന്റെ ജീവിതം ഇരുട്ടിലെ ഏകാന്തതയിൽ ഒരു കുങ്കുമപ്പൊട്ടായി പരിണമിക്കുമ്പോഴും, അവനിലെ ആ ദാഹത്തെ ഒരു ദയനീയതയുടെ മുഖംമൂടിയിലൂടെ നോക്കാൻ എനിക്കു കഴിഞ്ഞില്ല. തന്റെ അമ്മയുടെ മാറുപിളർക്കുന്ന ദയനീയതയിലും അവൻ കാണിച്ചിരുന്ന ധൈര്യം എന്തുകൊണ്ട് താൻ മറന്നുപോയി....

ഇതിനെല്ലാം മറുപടി ഒന്നുമാത്രം. "ഭയം"! ജീവിതത്തിൽ ഏതൊരുവനും താൻ ഇഷ്ടപ്പെടാതെ ഉള്ളിൽ കടന്നുകയറി പിന്നീട് മാംസങ്ങളെ പിളർന്നു കൊണ്ട് അകത്തുപടരുന്ന ആ വികാരം എന്നെയും ഇരുട്ടിലാക്കിയിരുന്നു. അന്നു താനൊന്നു മുതിർന്നുവെങ്കിൽ ചിലരുടെയും ജീവിതം ഇന്ന് ശൂന്യതയിലെത്തി നിൽക്കില്ലായിരുന്നു. പിഞ്ചിളം മനസ്സിൽ പുഞ്ചിരി വിരിയേണ്ടുന്ന നാളുകളിൽ തന്നെ മരണ ഭയം എത്തിനിൽക്കുന്ന കാഴ്ച എത്ര നികൃഷ്ടവും വേദനാജനകവുമാണെന്ന് ഞാൻ ഓർത്തിരുന്നെങ്കിൽ....

അതെ, താൻ വർഷങ്ങൾക്കപ്പുറം തന്റെ മാതൃത്വത്തിന്റെ വേരുകളറ്റുപോയ ആ അമ്മയോടും സഹപാഠികൾക്കൊപ്പം കളിച്ചും പഠിച്ചും ജീവിതമാഘോഷമാക്കി മാറ്റേണ്ടിരുന്ന ആ പിഞ്ചോമനയോടും ഈ നാട്ടിലെ ഓരോ ബാല്യങ്ങളോടുമുള്ള കടം പേറി എന്റെ മനസ്സ് മരവിച്ചിരിക്കുന്നു. ഒരു രാജ്യത്തെ ഓരോ പെൺകുട്ടികളോടും അവരുടെ സ്നേഹം തുളുമ്പുന്ന പുഞ്ചിരിയോടുമുള്ള അടങ്ങാത്ത വാത്സല്യവും കുറ്റബോധവും എന്നെ മരണഭയത്തേക്കാൾ വല്ലാതെ ഭയപ്പെടുത്തുന്നു. എന്നിനി കുറ്റബോധാഗ്നിയിൽ എരിഞ്ഞടങ്ങുമെന്ന ചോദ്യം എന്നിലാഴ്ന്നിറങ്ങി ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു.

അന്നു ഞാനീ ലോകത്തോടത് പറഞ്ഞിരുന്നെങ്കിൽ.... ഓരോ

പെൺകുഞ്ഞും തന്റെ ജീവിതത്തിലേക്ക് സ്വയമൊന്ന് എത്തിനോക്കിയിരുന്നെങ്കിൽ പൗരുഷോന്മാദികളുടെ കഴുകൻ കണ്ണിനുമേൽ ഒരുവളെങ്കിലും ഉയർന്നുപറക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ.... ഒരു നിരപരാധിയെങ്കിലും കുറ്റവിമുക്തനായിരുന്നെങ്കിൽ....


Aiswarya .C
B.com finance 3rd Sem




Hanna
Bvoc Second year Optometry

ശ്രീനിധ. കെ.കെ., B Voc ഒപ്ടോമെട്രി
Second Year

# രണ്ടാം ആരോഹണം

നേരം സന്ധ്യ കഴിഞ്ഞു. ജോലിതിരക്കുകൾ ഏതാണ്ട് ഒന്നൊഴി
യുന്ന സമയം. എല്ലാവരും ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുക
യാണ്. പലരും അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ചിലർ
എന്നെ കാണുന്നുണ്ട്. ചിലർ എന്നെ കണ്ടിട്ടും കാണാത്ത-
തായി നടിക്കുന്നു. സന്ധ്യമയങ്ങി രാത്രിയുടെ വരവറിയിച്ചു
നായ്ക്കൂട്ടങ്ങൾ ഓരിയിടുന്നു. ഇന്നെന്തോ രാത്രിക്ക് ഇരുട്ട്
കൂടുതലാണ്. ആ ഇരുട്ട് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു.
എന്നും ഭയമെന്നെ പിടിച്ചമർത്താറുണ്ട്. ഇന്ന് അതിന്റെ
തീവ്രത കൂടിയതു പോലെ! ഓർമ്മയിലെവിടെയോ ഒരു നല്ല
കാലം എനിക്കുണ്ടായിരുന്നു. അച്ഛനുമമ്മയും ഒരു കുഞ്ഞ
നിയനുമടങ്ങുന്ന ഒരു കൊച്ചുവീട്. സന്തോഷം മാത്രം
നിറഞ്ഞു നിന്നിരുന്ന ആ വീട്ടിൽ ഞങ്ങൾ ദാരിദ്ര്യത്തെ വില
വക്കാറില്ലായിരുന്നു. ഓണവും വിഷുവുമെല്ലാം ഒന്നിരട്ടി സന്തോഷം
നൽകി. അച്ഛനായിരുന്നു എന്റെ എല്ലാം. അമ്മയേക്കാൾ ഒരു
പൊടിക്ക് ഇഷ്ടക്കൂടുതൽ അച്ഛനെത്തന്നെയായിരുന്നു. മഴയുടെ വരവ്
കുറച്ചു കൂടിയിരുന്ന കാലമായിരുന്നു. അത് നാട്ടിലങ്ങിങ്ങായി
പല ദുരന്തങ്ങൾ വരുത്തിക്കൊണ്ടിരുന്നു.

മഴ കടുത്ത് നിന്ന സമയത്ത് വീട്ടിൽ ഞങ്ങളെല്ലാവരുംകൂടി
കിടന്നുറങ്ങിയ രാത്രി: അത് ഒരുമിച്ചുള്ള അവസാന ഉറക്കമായിരുന്നു.
നേരം വെളുത്തപ്പോൾ ആകെ ഇരുട്ട്. ശ്വാസം വിടാൻ ഏറെ

പാടുപെട്ടു. പെട്ടെന്ന് വെളിച്ചം വന്നു. ആരൊക്കെയോ എന്നെ
എടുത്തു. അച്ഛനേയും അമ്മയേയും കാണാനില്ല. ദേഹം മുഴു-
വൻ നല്ല വേദന. ബോധം മറഞ്ഞു. പിന്നെ കണ്ണു തുറന്നത്
ആശുപത്രികിടക്കയിലായിരുന്നു. അച്ഛനും അമ്മയും എന്നെ
കാണാൻ വന്നില്ല. പകരം വേറെ രണ്ടുപേർ വന്നു. അവർ എന്നെ
തലോടി. എന്നിട്ട് പോയി. കുറെ കഴിഞ്ഞ് അവർ തിരിച്ചുവന്നു
എന്നിട്ടു പറഞ്ഞു. ഇനി മോൾടെ അച്ഛനും അമ്മയും ഞങ്ങൾ
ആണെന്ന്. എനിക്കൊന്നും മനസിലായില്ല... ഞാനവരുടെ കൂടെ
ചെന്നു. അവിടെയും എന്റെ കണ്ണുകൾ അച്ഛനേയും അമ്മയേയും
പരതി. കണ്ടില്ല. കാലം കുറേ പോയി. പതിയെ ഞാനാ സത്യം
മനസിലാക്കി. എന്റെ അച്ഛനും അമ്മയും മരിച്ചുപോയെന്ന്.
പിന്നെ എന്റെ കുഞ്ഞനിയനും. എല്ലാം ഞാൻ മറന്നു. പതിയെ
ചിരിക്കാൻ തുടങ്ങി. കളിക്കാൻ തുടങ്ങി. അവരെന്റെ അച്ഛനും
അമ്മയുമായി മാറി. പിന്നെ എപ്പോഴോ, എന്റെ അച്ഛന്റെ
പെരുമാറ്റം മാറിത്തുടങ്ങി. തലോടലിന്റെ വേഗത കൂടി. ചില
സ്പർശനങ്ങൾ എന്നെ വീർപ്പുമുട്ടിച്ചു. പേടിച്ച ഞാൻ ആ
വീടു വിട്ടിറങ്ങി. ആരോടും പറയാതെ, എങ്ങോട്ടെന്നറിയാതെ
ഉള്ള യാത്ര ഇന്നീ തെരുവിൽ കൊണ്ടെത്തിച്ചു. ഈ തെരുവു
വീഥിയിൽ എന്നെ പോലെ അനേകങ്ങൾ യാചിക്കുന്നു. എന്റെയീ
15 വയസിൽ ഞാനൊരുപാട് അനുഭവിച്ചു. ഇനിയും ജീവിതം
നീണ്ടു കിടക്കുന്നു. അവസാനം എന്താകുമെന്നറിയില്ല. ഞാനൊരു
പെൺകുട്ടിയാണ്. ശരീരം വളരുന്നതനുസരിച്ച് വഴിയോരത്തെ
കണ്ണുകൾ എന്നെ തുറിച്ചു നോക്കുന്നു. എന്റെ മുന്നിൽ നീണ്ടു കിടക്കുന്ന
ഈ വഴിയോരവും അതിരില്ലാത്ത ഭൂമിയും മാത്രമാണുള്ളത്
ആകാശത്തെ മിന്നിതിളങ്ങുന്ന താരങ്ങളെ നോക്കി ഞാനിന്നീ
രാത്രി മയങ്ങട്ടെ....

# ഇഡ്ഡലി

ഒരു ശിവക്ഷേത്രത്തിന്റെ ഭണ്ഡാരത്തിന് താഴെ ദിവസവും ഒരു വയസായ സ്ത്രീ വന്ന് ഭിക്ഷ യാചിക്കാറുണ്ട്. ചുരുക്കം ചിലർ മാത്രമേ വല്ലതും നൽകുകയുള്ളൂ. അമ്മക്ക് ഭ്രാന്താണ് എന്ന് പറഞ്ഞ് അമ്പലമുറ്റത്ത് ഉപേക്ഷിച്ച് പോയതാണ് മകൻ. അതിൽ പിന്നെ ഭിക്ഷ യാചിച്ച് വേണം എന്തെങ്കിലും കഴിക്കാൻ. പല ദിവസങ്ങളിലും പട്ടിണി തന്നെ ആകും. എന്നത്തേയും പോലെ ഒരു സാധാരണ ദിവസം ആ അമ്മ ഭണ്ഡാരത്തിന് അടുത്ത് ഇരുന്നു. ആ സമയം ഒരു ആഡംബരകാറിൽ പ്രൗഢി തോന്നിക്കുന്ന വസ്ത്രത്തിൽ ഒരാൾ ഇറങ്ങി വന്നു. അദ്ദേഹത്തിന്റെ കയ്യിൽ നൂറു രൂപയും ഉണ്ടായിരുന്നു. ആ പൈസ തനിക്ക് കിട്ടും എന്ന് പ്രതീക്ഷിച്ച അമ്മയെ നോക്കുക പോലും ചെയ്യാതെ, പണം ഭണ്ഡാരത്തിൽ നിക്ഷേപിച്ച് പോയി. ഇതെല്ലാം അദ്ദേഹത്തിന്റെ മകൻ കാണുന്നുണ്ടായിരുന്നു. അവൻ ഓടിപോയി നൂറു രൂപ അമ്മയുടെ കയ്യിൽ കൊടുത്ത് കാറിൽ കയറി. ഇത് ഇഷ്ടപ്പെടാതെ മകനെ അദ്ദേഹം കുറച്ച് വഴക്ക് പറയുകയും ചെയ്തു.

കിട്ടിയ നൂറു രൂപ കൊണ്ട് അടുത്തു കണ്ട കടയിൽ ചില്ല് പാത്രത്തിൽ ഇട്ടു വച്ചിരിക്കുന്ന ഇഡ്ഡലി മേടിച്ച് കഴിച്ചു.

മകൻ വീട്ടിൽ നിന്ന ഉപേക്ഷിച്ചതിൽ പിന്നെ ആ അമ്മ
ഇഡ്ഡലി കഴിച്ചിട്ടില്ല. അതിനാലാവാം ആ ഇഡ്ഡലിക്ക് നല്ല
രുചിയുള്ളതായി തോന്നി. "ഇന്നും ഇഡ്ഡലിയാണോ. എനിക്ക്
ഇഡ്ഡലി വേണ്ട," എന്നിങ്ങനെ ഉണ്ടാക്കുന്ന ഭക്ഷണത്തെ
മാറ്റി നിർത്തുന്നവർക്ക് അതിന്റെ വില അറിയില്ല. എന്നാൽ
പട്ടിണി കിടക്കുന്നവന് പച്ചവെള്ളം പോലും രുചി-
യുള്ളതാവും. ഭക്ഷണം കഴിക്കാതെ വയൃത്ത് ഉണ്ടാക്കി
പോകുന്നവർക്ക് ഈ മുത്തശ്ശിയുടെ അവസ്ഥ ഒരു പാഠ-
മാണ്. കൂടാതെ നമ്മൾ നിക്ഷേപിക്കുന്ന പൈസ ദൈവ-
ത്തിന് കിട്ടുന്നുണ്ടോ? ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ
പാകം ഇല്ലാത്തവന് ഭക്ഷണം നൽകുന്നവനാണ് ദൈവം.
ഉള്ളവൻ ഇല്ലാത്തവന് നൽകുമ്പോഴാണ് അവനൊരു
യഥാർത്ഥ ഭക്തൻ ആകുന്നത്. അല്ലാതെ ദൈവത്തെ
പൈസ കൊണ്ട് മൂടുമ്പോഴല്ല.

Hitha. K.T
I Sem Integrated Botany.



Amna Fathima P.k
1st Year B voc Optometry

# കടലും കരയും

വശ്യമനോഹരിയാം കടലൊരിക്കൽ
കരയോടു കിന്നാരം പറഞ്ഞിടവേ
ചൊല്ലുകയുണ്ടായി നാടുകാണാൻ
എന്തു ഭംഗിയാണെന്നോ ?
ആവേശമേറിയ കരയുടെ ഉള്ളിൽ
നാടിന്റെ രൂപങ്ങൾ സ്വപ്നം കണ്ടു
എങ്ങിനെ ചുറ്റാൻ കഴിയും എനിക്ക്
സ്തംഭിച്ചു നിൽക്കയാണ് എന്നും ഞാനിവിടെ
വശ്യമനോഹരി കടലിനെപോലെ
അലയാനാവാത്ത നിരപ്പാണു ഞാൻ
എങ്കിലും എന്നെ ചൂഴ്ന്നെടുക്കും
മനുജന്റെ കൂടെ കൂടിയപ്പോൾ
കാഴ്ചകളെല്ലാം കാണാൻ പറ്റി
ജീവിതം അങ്ങനെ പാഴായ്പോയി.

Fathima Sameeha
B.voc optometry Ist year.

# Relationship between man & nature

Nature is our mother. Nature finds truth, happiness and virtue together. Man's ignorance of this immortal nature is the only source of unhappiness. From the immemorial man has been using the priceless gift of nature might disappear one day.

Today the forests are being destroyed mercilessly to rectify the needs of human population. With the vanishing of other forests, the surroundings are becoming concrete jungles. The protective ozone layer is also being depleted. It is going to affect more than half of the world's population through global warming. Apart from these we are polluting air and water in an unprecedented scale and wrecking nature in a way that make regeneration impossible.

The progress of civilisation is ~~take~~ measured in proportion to man's success in meeting challenges of nature. But the developments in the fields of industry and technology are certainly a mixed blessings. There side effects are gradually affecting the environment, which in turn endangers his very existence.

Nature, it seems is, in no mood to stand any future abuses. And man inturn, has now realised that he has to

work with it, and he will never tolerate the rape of good earth in future. It is at this point, that his aesthetic instinct will come to his rescue. After all, he is bringing about industrial progress with the aim of making the world a better, more beautiful and more comfortable place to live in.

In his mad race for power and prosperity, man is now aware of the fact that the nature and its resources are vast but limited. He has realised that, if the present trends are allowed to go unchecked, the future of life on earth will be endangered. Let us all join hands to make the nature as pure as before and try to maintain the immortal relationship at mother and between man and nature.

Arya. K. Prasad
1st year
Integrated Botany



# കറുത്ത പൂക്കൾ വിരിയുന്ന ഉദ്യാനം



എന്തൊരു ഹരമിത്! കറുകറുത്ത
കരങ്ങളാണവർക്ക് പ്രകൃതിക്ക്
വിലക്കും അന്യായങ്ങളും കണ്ടവർ
അവർ, നിറങ്ങളേറിയ പൂക്കളായി വിടർന്ന
അവരെ, കറുത്ത പൂക്കളായി
വളമിട്ട് വിരിയിക്കുന്നു!
ഉദ്യാനം വളക്കൂറുള്ളതല്ലെങ്കിൽ,
വിരിയുന്നത് കറുത്ത പൂക്കളെ
ന്നത് സുനിശ്ചയം!
പ്രകൃതിയുടെ കരങ്ങൾക്ക്
അവരോട് എതിർക്കാൻ കഴിയുമോ!
കഴിഞ്ഞാലും എത്രവരെ...
മാനസിക വിഭ്രാന്തിയവർക്ക്,
ചെയ്യുന്നതെല്ലാം ഭ്രാന്തമാണവർക്ക്
സ്നേഹം അന്യമായവർക്കെന്ത്
കൂടപ്പിറപ്പുകൾ!
കനൽ പോലെ എരിയുന്ന വെറുപ്പി
ന്റെ ജ്വാലകൾ തള്ളുന്നത് പ്രകൃതി
തൻ നെഞ്ചിൽ
ചീന്തി തെറിക്കുന്ന ചോരചീന്തുകൾ വിരിഞ്ഞു

നിൽക്കുന്ന കറുത്ത പൂങ്ങൾക്ക്
ഹരം ! ഹാ ഇതാണവർക്ക് ലോകം
പ്രഭാതം പോലും കറുത്തതവർക്ക്
രാത്രികൾക്ക് അവർ ഇരുട്ട് കൂട്ടി ,
കറുത്ത കരങ്ങൾക്ക്
വികാരമേകുന്നത് രാത്രി
യുടെ ഇരുട്ടെന്നത് സംശയം ,
അമ്മയുടെ നെഞ്ചിൻ ചൂടേറ്റി
ട്ടില്ലാത്തവർ
വാത്സല്യ വാക്കുകൾ കേട്ടിട്ടില്ലാത്ത
ചെവികൾക്കെന്ത് ഉദ്യാനം
അവരുടെ ഉദ്യാനം നിറഭേദങ്ങ
ളുടേതല്ല അന്യായമായ വിചിത്ര
വികാരങ്ങളുടെ വേദിയാണ്
വാടി വീണ കറുത്ത പൂങ്ങൾക്ക്
നിറവ്യത്യാസമില്ല , ചോര പുര
ണ്ടിട്ടുണ്ടെന്ന് മാത്രം !

Fathimathul Rumaisha . c.k
Bsc-physics . 3rd Sem



Anoosha p
MSc polymer chemistry I st sem

# Persona

Being Human's quite a ride, wouldn't you agree?
Striving for flawlessness, a mask for all to see,
I haven't deciphered my human purpose on this earth,
Yet why not to be a tree, a animal, or a different birth?

My accomplishments as a human seem Slight, acceptance is scarce, questions take flight.
"Why this? Why that? They persistantly ask.
Lets embrace diversity, Discard the task.



Avoid imposing,
let individuals just be,
craft your persona,
embrace liberty.
Quite or bold, your character's your call, let others find their path,
Stand tall.

claim your identity, its your right,
the world's ours to share,
let's unite.

Murshida Sherin Kavungal
Int-Botany 3rd Sem

# കറുത്ത പൂവ്

അത്രമേൽ പ്രിയപ്പെട്ടൊരീ പൂന്തോപ്പിൽ
വിടർന്നൊരീ കറുത്തപ്പൂവിൻ ഗന്ധം.
കാറ്റിത്ര വീശിയിട്ടും മായാതെ
മറയാതെ പുലരിയിലും രാത്രിയിലും.

കറുത്തപ്പൂക്കൾക്ക് പറയാനുള്ളത്
ദുഃഖത്തിന്റെയും അവഹേളനയുടെയും
കഥകൾ മാത്രം.
എന്തിരുന്നാലും എൻ പ്രിയ പൂന്തോട്ടത്തിൽ
വിടർന്നൊരീ കറുത്തപ്പൂവിനെന്തൊരു
ഭാവമാണെന്നറിയാതെ ഞാൻ.

കറുത്തപ്പൂക്കൾ വിരിഞ്ഞ ഈ
ഉദ്യാനത്തെ ഭംഗി എന്ന് പറയുമോ
അഭംഗി എന്ന് പറയുമോ?
എങ്കിലും അത്രമേൽ പ്രിയപ്പെട്ടൊരെൻ
പൂന്തോട്ടവും പൂക്കളും.

Abi Basheer
BSc. polymer chemistry
I st year


Let me See the World!
Fathima Hiba T
Bvoc Optometry 3rd sem


Namisha



# Dowry: A social evil

Dowry, also known as Dahej, is one of the deep rooted societal ills that has become an obstacle to women's regular lives. Dowry has become a social norm, which is a major issue for both society and women.

The dowry system in India refers to the bride's family giving to the bridegroom, his parents, or his relatives as a condition of the marriage.

There are certain origins of dowry, whether it was permitted or prohibited by the Shartras, whether it was an integral element of Kanyadan and whether it is distinct from Streedhan. It is widely accepted that Streedhan refers to the wealth of a woman – the gold, jwellery, cloths, and other property that belongs to the bride and is hers to use whereas dowry refers to the wealth that goes with the woman, that is the wealth does not belong to the, but accompanies her, when she marries into her husband's family. Women are therefore placed in a position of reliance in both their personal and their marital families.

Nowaday's dowry and dowry-related violence are

intextricably linked with perceptions of wealth and greed thoughts and view about women's standing in Indian Society. According to the National family Health survey (NFHS) at least one in every five married women in India has suffered domestic abuse.

There were several cases reported as per the last years report based on the dowry deaths. When Uthara, a 25-year old differently abled women, was found death due to snakebite on March 2, 2020 in kerala. A Police investigation followed, and the chargesheet gave details of a conspiracy, pointing to a murder painstakingly planned and executed by her husband Sooraj. Vismaya V. Nair was a Bachelor's student of Ayurveda medicines was found dead in husband's house at Sasthamkotta in the Kollam district of Kerala. The frustrated act of her husband named Kiran for demanded cash instead of a car worth ten lakh rupees at the wedding, Vismaya committed suicide. like that several dowry death cases are reported day-by-day in our current Indian society.

Dowry is deeply embedded in the social fabric of India. It is strongly embedded in society's patriarchal mindset. Women become a commodity as consumerism increased. Dowry is encouraged due to women's disempowerment, male domination, and financial dependency on males. Several legislations notably the dowry prohibition Act of 1961, have undoubtedly been adopted, but action on the enforcement of such dowry regulations. remain insufficient or lacking.

Anakha. S. Babu
Int-Botany I$^{st}$ Sem



# പുതുജീവൻ

മരം അത് ഒരു ജീവനായ്

വരമായ്,

അതിൻ പടർപ്പിൽ തണലായ്

ശാന്തി സമാധാനമായ്

ശ്വാസമായ് കുളിർമയായ്

ഇലപൊഴിയും മുറിവായ്

തളിർക്കും പുതുജീവനായ്

തുടരുകയായ്...



Fahad Rahiman. k

Int. Botany I st Sem

# BOOK REVIEW: A THOUSAND SPLENDID SUNS

"One could not count the moons that shimmer on her roofs, or the thousands splendid suns that hide behind her walls."

'A thousand splendid suns', by the author of 'The kite runner' is an outstanding novel depicting the life of Afghan women at the time of soviet invasion to the country, later on the harsh rule of Talibans. The story revolvs around the courageous fight of two Afghani women at the time of Afghanistan war, Mariam and Laila.

Mariam, is an illegitimate dayughter of a Herat business owner and was brought up in a gloomy poverty ridden childhood with the loss of her only one family, that was her mother. On the passing of her mother she was forced to marry a fourty year old shop keeper named Rasheed were she was taunted with harsh treatments by her husband, with no other to take care of her, she herself became a slave to her husband.

Laila, on the other hand was brought up in a family were education for girls was glorified. She lost her parents and her lover due to crucial bombing and was married to Rosheed as a second wife.

The brave women fought so hard to escape from the capture of Rasheed who haunted them mentally and physically with harsh words and often beated them to bleeding

The story highlights love, friendship, bravery much more the harsh reality of Afghanistan war and its consequences leaving people with debris of memories on their homeland, and to seek refugee in other countries.

The story makes you cry throughout the novel, the fight, difficulties, helplessness and violences burdened by the women becomes heartbreakingly sympathetic as if you are one among them.

I highly recommend others to read this book, such an outstanding masterpiece.

By: Suhana Sinu
BVOC optometry



Murshida Sherin Kavungal
Int-Botany 3rd Sem


Gopika.K
1st. Int-Botany.


Murshida Sherin Kavungal
Int-Botany 3rd Sem

# കന്നാസും കടലാസും....

വൈകീട്ട് അടുക്കളയിൽ നിൽക്കുമ്പോഴാണ് ചിരിച്ചും കളിച്ചും രണ്ടാൾ വരുന്നത് കണ്ടത്. ആഹാ... ആരാപ്പത് കന്നാസും കടലാസും അല്ലെ, അങ്ങെല്ലോ എന്നും പറഞ്ഞ് ഒരു ചിരി. പ്രായം പത്തറുപത് ആയിക്കാണ്ണ്. ഒരാൾ തുണിയും കുപ്പായവും ആണ് മറ്റേയാൾ മാക്സിയും ഷാളും. എന്റെ ചെറുപ്പം മുതലേ രണ്ടാളെയും ഒരുമിച്ചല്ലാതെ കണ്ടിട്ടില്ല, അവർ വേറെ വേറെ നടക്കലും ഇല്ല. സ്കൂളിലേക്ക് പോകുമ്പോൾ കാണാം ഒന്നെങ്കിൽ രണ്ടാളും മുറ്റം അടിച്ചുവാരുന്നുണ്ടാവും അല്ലേൽ റോട്ടിൽക്കൂടി ചിരിച്ച് കളിച്ച് പോകുന്നുണ്ടാവും.

"ഉമ്മാമ ഇവർ ഇപ്പളും ഒപ്പം തന്നെ ആണോ"? എന്റെ ചോദ്യത്തിനുള്ള ഉമ്മാമന്റെ മറുപടി ഒരു കോട്ടവും പറ്റാതെ നീളുന്ന ഒരു മനോഹര സൗഹൃദത്തിന്റെ കിസ്സയായിരുന്നു. ഉമ്മാമ തുടങ്ങി "പണ്ടന്ന് ഒക്കെ കെട്ടിച്ചുകൊടുക്കുന്ന സമയത്ത് ഓല് ചെറുതാണ്. കല്യാണം ഒന്നും കഴിഞ്ഞിട്ടില്ല. അന്ന് നമ്മുടെ വീട്ടിലെ പണിക്കാരായിട്ട് ഒന്ന് രണ്ട് കൊല്ലം അവർ ഉണ്ടായിന്. പണി എടുക്കും ഇടയിൽ വഴക്കുണ്ടാക്കും. ന്നാലോ നല്ല സ്നേഹത്തിൽ ആണെന്നും. പിന്നെ രണ്ടാളും കെട്ടിച്ച്, മക്കളായി പേരാമ്പിള്ളേരായി പിന്നെ രണ്ടും ഓരോ സമയത്ത് ഓരോ പ്രശ്നങ്ങളായിട്ട് ഇവിടെത്തന്നെ കൂടി, ഇപ്പോൾ രണ്ടാൾക്കും അടുത്തന്നെ ഓരോ പെരണ്ട്

മത്സരവും പോരാട്ടവും ഒക്കെയുണ്ട്. ചിലപ്പോ കാണാം തല്ലുണ്ടാകുന്നത് ചിലപ്പോ കാണാം നല്ല അടീം ചക്കരേം പോലെ, നാലും അടുത്ത നേരം ഒപ്പം തന്നെയാവും, ഒപ്പം പോയി ഉമ്മ ഒക്കെ ചെയ്തേക്കണ് ഇപ്പോൾ. ചെറുന്നാൾ തലേന്നാണ് രണ്ടാളേം കുറച്ചായിട്ട് ഞാൻ കാണാൻ. ടാക്കോ അതിപ്പാഴും പിടിച്ചു വരുന്നത് കാണാം"

ചില സൗഹൃദങ്ങൾ അങ്ങനെയാണ്, അസൂയ വെക്കാൻ പാകത്തിനുള്ള കൂട്ടുകെട്ടുകൾ വയസ് എത്രയായാലും സൗഹൃദം മരിക്കുന്നില്ലല്ലോ...

കന്നാസും കടലാസും എന്നും ഇതുപോൽ മനോഹരമാവട്ടെ...

Fasna Sheri Kp.
MA. ENGLISH I st year

# ക്ഷമ

ചുംബിച്ചു ചോപ്പിച്ച
കാലുകൾ കൊണ്ട്
തന്റെ അടിവയറ്റിൽ ആഞ്ഞു
ചവിട്ടുമ്പോഴും ആരോ
പറയുന്നത് കേട്ടു
" ക്ഷമിക്കുക ഭൂമിയോളം
കാരണം നീ അമ്മയാണ്.....!"



Shaheeda . Cp
I[st] year B.A. Functional English

# - Human Evolution

Human evolution is the lengthy process of change by which people originated from apelike ancestors. Scientific evidence shows that the physical and behavioral traits shared by all people originated from apelike ancestors and evolved over a period of approximately six million years.

One of the earliest defining human traits, bipedalism, the ability to walk on two legs evolved over 4 million years ago. Other important human characteristic such as a Large and complex brain, the ability to make and use tools, and the capacity for language - developed more recently. Many advanced traits including complex symbolic expression, art and eloborate coltural diversity emerged mainly during the past 100,000 years.

Humans are primates, physical & genetic similarities show that the modern human species, Homo sapiens has a very close relationship to another group of primate species, the apes. Humans and the great apes (Large apes) of Africa chimpanzees including bonobos, or so called pygmy chimpanzes) and gorillas shares a common ancestor that lived between 8 and 6 million years ago. Human first evolved in Africa and much of human evolution occured on that continent. The fossils of early humans who lived between 6 and 2 million years ago come - entirely from Africa.

Most scientists currently recognize some 15 to 20 different species of early humans scientist do not all agree. however, about how these species are related or which one simply died out. Many early human species-certainly the majority of them. left no living descendants. scientist also debate over how to identify and classify particular species of early humans and about what factor influenced the evolution and extinction of each species.

Early human first migrated out of Africa into Asia probably between 2 million and 1.8 million years ago. They entered purope somewhat later, between 1.5 million and 1 million years. species of modern humans populated many parts of the world much Later. for instance people first come to Australia propably within the past 30,000 years or so the beginning of agriculture and the rise of the cultivations. occured within the past 12,000 years.

⇒ The process of Evolution :

The process of evolution a series of natural change that cares species population of different organisms) to arise, adapt to the environments and become extinct. All species or organisms have originated through the process of biological evolution. In animals that reproduce sexually. including humans. the term species refers to a group whose adult member regularly interbreed, resulting in fertile offspring that in offspring themselves capable of reproducing Scientist classify each species with a unique two part, scientific name. In this system, modern humans are classified as Homosapiens.

Evolution occurs whenthere is a change in the gentic material the chemical molecule, DNA which is inherited from the parents and especially in the proportions of different genes in a populations. genes represent the segments of DNA that provide. the chemical code for providing genes are expressed. that is how they influenced the body or behaviour of an organisms. can also change genes affect how the body and behaviour of an organisms develop during its life and this is why genetically inherited characteristic can influence the likelihood of an organisms survival and reproduction.

Hanna Parveen

INT. BOTANY I[st] Sem.



Shahana
B.com (Self) Ist Sem



Rameesha Parvi
BSC - Zoology I^st Sem


Shahana Banu.K
BSC. psychology



മലയാളത്തിന്റെ
വാനമ്പാടിക്ക്

Shameema Thasni
BVOC optometry 3rd year



Hanna

B.voc optometry



DILSHA
BCA IIIRd sem






Aswathi


SHYJITH M.P
B.COM. CA 2nd




Fathima Sanha
B.com finance



Arjun K

B.com finance 3rd y


Achu
Ashwathi. T
Bcom.




Aiswarya K
Bsc psychology



Devika . P.K
IInd year B.a. English



AFNA.M
Bsc. Physics 3rd year.



# മനുഷ്യനെ കാക്കുന്ന എ.ഐ

എന്താണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്? അതിന്റെ ഉപയോഗം എന്താണ് മനുഷ്യജീവിതത്തിൽ? ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യജീവിതത്തെ എങ്ങനെയൊക്കെ സ്വാധീനിച്ചു? എന്നിങ്ങനെ ഒരുപാട് ചോദ്യങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വാക്ക് കേൾക്കുമ്പോൾ നമുക്കിടയിൽ ഉയരാറുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇപ്പോൾ നമുക്കെല്ലാവർക്കും പരിചിതമായ ഒരുവാക്കാണ്. ഇപ്പോൾ എന്താണല്ലേ നമ്മൾ ഗതാഗതനിയമങ്ങൾ അനുസരിക്കാനായി ഭരണകൂടം നമുക്കായി സൃഷ്ടിച്ച ഒരു ക്യാമറയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ.

ഇപ്പോൾ എല്ലാവർക്കും മനസ്സിലായില്ലേ എന്താണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന്. ഈ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നമ്മൾ പലരും എ.ഐ [ആർട്ടിഫിഷ്യൽ ഇന്റലിജൻസ്] ക്യാമറ പേടിച്ച് ഗതാഗതനിയമങ്ങൾ അതിന്റെ ചട്ടം പോലെ അനുസരിക്കുന്നു. കാരണം എന്തെന്നോ ഗതാഗതനിയമങ്ങൾ അനുസരിച്ചിട്ടില്ലെങ്കിൽ നമ്മൾ അതിന് വലിയ വില കൊടുക്കേണ്ടി വരും. ഭരണകൂടം ഗതാഗതനിയമങ്ങൾ പാലിക്കാത്തവർക്ക് വലിയ പിഴതന്നെയാണ് ഇടാക്കുന്നത്. പോക്കറ്റ് കാലിയാവും എന്ന് വിചാരിച്ച് എല്ലാവരും ഗതാഗതനിയമങ്ങൾ പാലിക്കുകയും ചെയ്യുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കൊണ്ട് ശരിക്കും ജനങ്ങൾക്ക് ഉപകാരം തന്നെയാണ്. കാരണം എന്താന്നറിയോ പല സന്ദർഭങ്ങളിലും പല ആളുകളും അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുന്നത് നമ്മൾ എ.ഐ ക്യാമറ പേടിച്ച് ഹെൽമറ്റ് ഇടുന്നതുകൊണ്ട് ഇല്ലെങ്കിൽ സീറ്റ്ബെൽറ്റ് ഇടുന്നതുകൊണ്ടാണ്. മുൻപൊക്കെ എൺപതുശതമാനം അപകടവും ഉണ്ടാകുന്നതിൽ ഇരുചക്രവാഹനത്തിലാകുമ്പോൾ ഹെൽമറ്റിന്റെ അഭാവവും നാലുചക്രവാഹനത്തിലാകുമ്പോൾ സീറ്റ്ബെൽറ്റിന്റെ അഭാവത്തിലും ആയിരുന്നു. ഇതാണ് ഞാൻ ആദ്യം പറഞ്ഞത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ജനങ്ങൾക്ക് ഉപകാരമാണെന്ന്. ജനങ്ങൾ ഇത് കാര്യഗൗരവത്തിൽ കാണുകയും ഭരണകൂടത്തിന്റെ കൂടെ സഹകരിച്ച് ഗതാഗതനിയമങ്ങൾ പാലിക്കുകയും ചെയ്യണം. എന്നാൽ നമുക്കുതന്നെ കുറെയൊക്കെ അപകടങ്ങൾ ഒഴിവാക്കാം.

നിങ്ങൾ ഒന്നാലോചിച്ചുനോക്കൂ... ഭരണകൂടത്തിന്റെ ഒരു ബുദ്ധി... എന്താണെന്നോ ആരെങ്കിലും നിയമം തെറ്റിച്ചാൽ ഭരണകൂടത്തിന് ആ രീതിയിലൂടെയും പിഴപണത്തിന്റെ രൂപത്തിൽ ലഭിക്കുന്നു. ഒന്നുകിൽ ഗതാഗതനിയമങ്ങൾ ജനങ്ങൾ പാലിക്കണം അല്ലെങ്കിൽ പിഴ ഭരണകൂടത്തിന് നൽകുകയും പിന്നീട് തെറ്റ് ആവർത്തിക്കാതിരിക്കുകയും വേണം എന്നതാണ് ഭരണകൂടത്തിന്റെയും ആവശ്യം. ഭരണക്കൂടവും അപകടങ്ങൾ ഒഴിവാക്കാനാണ് ശ്രമിക്കുന്നത്. അതിന് നമ്മളും സഹകരിക്കണം.

എന്റെ അഭിപ്രായത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരുപാട് മുൻപേതന്നെ ഇവിടെ നിലവിൽ വരേണ്ടതായിരുന്നു.

എന്നാൽ അന്നേ അപകടങ്ങൾ കുറയുവായിരുന്നു. നമ്മൾ പല
ആളുകളും എ.ഐ ക്യാമറയുടെ അടുത്തെത്തുമ്പോൾ മാത്രമാണ്.
ഹെൽമറ്റും, സീറ്റ്ബെൽറ്റും ഒക്കെ ഇടാറ്. അത് നമ്മൾ മാറ്റണം.
എന്നിട്ട് നമ്മൾ എങ്ങോട്ടെങ്കിലും യാത്രപോകാൻ ഇറങ്ങുകയാ-
ണെങ്കിൽ വീട്ടിൽ നിന്നും നാം വാഹനത്തിൽ കയറുന്നതിന്
മുൻപുതന്നെ ഹെൽമറ്റ്/സീറ്റ്ബെൽറ്റ് ധരിക്കുക. വാഹനത്തിന്റെ
എല്ലാ രേഖകളും കൂടെ കൊണ്ടുപോകുക. എന്റെ ഒരു അനുഭവം
ഞാൻ പറയാം എന്റെ അച്ഛനും അമ്മയും ബൈക്കിൽ വരുകയായി-
രുന്നു. എന്റെ അച്ഛന്റെ അശ്രദ്ധയെന്നുപറയാം. അച്ഛൻ വളവിലോട്ട്
തിരിയുമ്പോൾ വാഹനത്തിന്റെ ഇൻഡിക്കേറ്റർ ഇടാൻ മറന്നു
കഷ്ടകാലമെന്നു. പറയട്ടെ മറ്റൊരു വാഹനം എന്റെ അച്ഛനെയും
അമ്മയേയും വന്ന് തട്ടിയിട്ടു. ദൈവസഹായം കൊണ്ട്. അച്ഛന് ഒന്നും
സംഭവിച്ചില്ല. ഇരുവരും ഹെൽമറ്റ് ധരിച്ചിരുന്നതുകൊണ്ട് രണ്ടുപേ-
രുടേയും തലയ്ക്ക് ഒന്നും സംഭവിച്ചില്ല. അമ്മയ്ക്ക് കയ്യിലും കാലിലും
മറ്റ് ശരീരഭാഗങ്ങളിലും മുറിവ് ഉണ്ടായിരുന്നു. അതാ പറയുന്നേ
ഹെൽമറ്റ് ഇട്ടിരുന്നതുകൊണ്ടാണ്. ഇരുവരുടേയും തലയ്ക്ക് ഒന്നും
സംഭവിക്കാതിരുന്നത്. അപ്പോൾ എല്ലാവരും ആദ്യം സ്വന്തം സുരക്ഷ
ഉറപ്പാക്കുക, എന്നിട്ട് വേണം വാഹനം കൊണ്ട് പുറത്തേക്ക്
പോകാൻ. ശ്രദ്ധിക്കുക. നമ്മൾ ഓരോരുത്തരും ഗതാഗതനിയമങ്ങൾ
പാലിച്ചാൽ റോഡുകളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒരു
പരിധിവരെയൊക്കെ നമുക്ക് കുറയ്ക്കാം. നാം ഓരോരുത്തരും.
ഞാൻ കാരണം ആർക്കും ഒരു അപകടവും ഉണ്ടാവില്ല എന്ന് നമ്മൾ
ഓരോരുത്തരും പ്രതിജ്ഞ എടുക്കണം. എന്റെ ജീവിതത്തിലെ

ഒരനുഭവം ഞാൻ നിങ്ങൾക്ക് മുൻപിൽ അവതരിപ്പിച്ചു. അതിലെ പൊരുൾ ഉൾക്കൊണ്ടുകൊണ്ട് നിങ്ങൾ ഇനിയെങ്കിലും ഗതാഗത-നിയമങ്ങൾ പാലിക്കും എന്ന് സ്വയം നിശ്ചയിക്കുക.

എന്റെ അഭിപ്രായത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറ ഒന്നുകൂടെ കർശനമാക്കണം. നാം ഓരോരുത്തരും നമ്മുടെയും സമൂഹത്തിന്റെയും ഭദ്രതയ്ക്കായി പ്രവർത്തിക്കണം. അതോടൊപ്പം ഇനി ഒരിക്കലും ഗതാഗതനിയമങ്ങൾ അനുസരിക്കാത്തതിനാൽ എന്റെ പോക്കറ്റിലെ പണം ഞാൻ ഭരണകൂടത്തിന് നൽകില്ല എന്ന് ഞാൻ പ്രതിജ്ഞ ചെയ്തു. നിങ്ങൾ ഓരോരുത്തരും പ്രതിജ്ഞ ചെയ്യുക. ഗതാഗതനിയമം അനുസരിക്കാത്തതിന്റെ പേരിൽ ഇനിയൊരു ജീവനും പൊലിയാതിരിക്കട്ടെ.

Anjukrishna P.
Msc. Computer Science Ist year.



Fathima Minha.
BSc polymer chemistry 1st yr


Shyjith.M


بسم الله الرحمن الرحيم
DHILFA.A 1st Bsc Zoology




Shafna Palappura, Integrated Botany



ARJUN . K
3rd B.com Finance

# അവളും മനുഷ്യനാണ്....

ഈ ശിശുദിനത്തിലെ പ്രധാന വാർത്ത ബീഹാർ സ്വദേശിയായ 28 വയസ്സുകാരന് കോടതി കൊലക്കയർ വിധിച്ചതായിരുന്നു. ഏതാണ്ട് മൂന്നര മാസങ്ങൾക്ക് മുമ്പ് ആലുവയിൽ നടന്ന അഞ്ച് വയസ്സുകാരിയുടെ ക്രൂരമായ കൊലപാതകം സമീപകാലത്ത് കേരളീയ മനസാക്ഷിയെ പിടിച്ചുകുലുക്കിയ ഏറ്റവും വലിയ വാർത്തകളിൽ ഒന്നായിരുന്നു. പ്രതിയ്ക്ക് വധശിക്ഷയിൽ കുറഞ്ഞതൊന്നും നൽകരുതെന്ന് തന്നെയായിരിക്കും സമൂഹ മനസ്സാക്ഷി ഒന്നാകെ ആഗ്രഹിച്ചിട്ടുണ്ടാവുക. ആ കുഞ്ഞിന് നീതി കിട്ടിയതിനാൽ നാം എല്ലാവരും അതിൽ സന്തോഷിക്കുകയും ചെയ്തിരിക്കും.

പക്ഷേ, ഈ സന്തോഷത്തിന് എന്ത് ആയുസ്സുണ്ടാകും? ഓരോ പതിനഞ്ച് മിനുട്ടിലും ഒരു പീഡനം എന്ന തോതിൽ ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വരും വർഷങ്ങളിൽ ചിലപ്പോൾ ഇരട്ടിയായി മാറിയേക്കാം. ശിക്ഷാ നടപടികളൊന്നും വേണ്ടത്ര ഫലിക്കുന്നില്ല എന്നതിന്റെ നേർചിത്രമാണ് പെരുകുന്ന ഇത്തരം വാർത്തകൾ. ഡൽഹി സംഭവം നടന്ന ശേഷം പതിനേഴ് ദിവസത്തിനകം ഡൽഹിയിൽ മാത്രം 67 പീഡനക്കേസുകൾ റിപ്പോർട്ട് ചെയ്തുവന്ന വാർത്ത വായിച്ചതല്ലേ? കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാൻ ശിക്ഷാ നിയമങ്ങൾക്ക് കാര്യമായ പങ്കുണ്ടെന്നത് ശരിയാണ്. കനത്ത ശിക്ഷ കൊണ്ട് മാത്രം കുറ്റകൃത്യങ്ങൾ ഇല്ലാതാക്കാൻ കഴിയുമെന്ന് കരുതുന്നത് ശരിയല്ല. നിയമം മാത്രമല്ല,

സമൂഹത്തിന്റെ സമീപനം ആണ് മാറേണ്ടത്.

പീഡനങ്ങളുടെ പിന്നിലെ പ്രേരണകൾ കണ്ടെത്തുന്നതിലും ചില ബുദ്ധിമുട്ടുകളുണ്ട്. സമൂഹത്തിൽ ഇന്നും സ്ത്രീ വസ്ത്രധാരണത്തെ ചോദ്യം ചെയ്ത് കൊണ്ട് മാത്രം ഈ വിഷയത്തെ സമീപിക്കുന്നത് ശരിയായ വിശകലനമാവില്ല. "അവളുടെ വസ്ത്രധാരണമാണ് അവനെ പ്രേരിപ്പിക്കുന്നത്". അങ്ങനെയെങ്കിൽ 72 വയസ്സുള്ള സ്ത്രീ മധ്യപ്രദേശിൽ പീഡനത്തിരയായത്, ഒഡീസയിൽ 80 വയസ്സുള്ള സ്ത്രീ, കേരളത്തിൽ 63 വയസ്സുള്ള സ്ത്രീ കൂട്ടബലാത്സംഗത്തിനിരയായത്, മുബൈയിൽ 41 വയസ്സുള്ള സ്ത്രീയും ഭോപാലിൽ ഗർഭിണികളായ മുപ്പത്തിയഞ്ച് വയസ്സുകാരിയും ബീഹാറിൽ പത്തും ജമ്മു കാശ്മീരിൽ എട്ടും ഹരിയാനിൽ അഞ്ചും വയസ്സുള്ള കുട്ടികളും സംഘം ചേർന്ന് പീഡിപ്പിക്കപ്പെട്ടു.

മൂന്ന് മാസം പ്രായമുള്ള കുഞ്ഞ് മുപ്പത് വയസ്സുള്ള സ്വന്തം അച്ഛന്റെ സഹോദരനിൽ നിന്നും പീഡനത്തിന് ഇരയായതൊക്കെ എന്ത് വസ്ത്രധാരണത്തിലെ പ്രശ്നം കൊണ്ടായിരിക്കും?!!

And people say that rape happens when girls wear short cloths and roam outside at night.... why?

അക്രമണോത്സുകതയ്ക്ക് പ്രേരകമായി ഈ മദ്യത്തിനും മയക്കുമരുന്നിനും വിധിയെഴുത്തുകൾ നടത്തുന്നത് ബുദ്ധിയുടെ വിചാരങ്ങളുടെയും ലേപനം നടത്തി നിർവ്വീര്യമാക്കുന്നതിന് തുല്യമാണ്. പരിഷ്കൃത സമൂഹം എന്ന നമ്മുടെ നാട്യത്തിൽ നാം തിരികെ കാടത്തത്തിലേക്കാണ് പുരോഗമിക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്. അഥവാ ഇവിടെ മൃഗങ്ങൾ മനുഷ്യരാവാൻ പരിശീലനം നടത്തുമ്പോൾ മറ്റു ചിലർ മനുഷ്യരിൽ നിന്നും മൃഗങ്ങളായി

മാറിക്കൊണ്ടിരിക്കുന്നു.

കുറ്റം ചെയ്ത ശേഷം കടുത്ത ശിക്ഷ നൽകുന്നതിലും ഫലപ്രദം കുറ്റം പെരുകുന്ന സാഹചര്യം ഒഴിവാക്കുകയാണ്. കുറ്റം ചെയ്യാനുള്ള തുറന്ന അവസരങ്ങൾ ധാരാളമുണ്ടാകും; ഈ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നവർക്ക് നിയമത്തിന്റെ കൈയ്യിൽ നിന്നും രക്ഷപ്പെടാൻ ധാരാളം അവസരങ്ങളും ഉണ്ടായിരിക്കും. എന്നിട്ട് കടുത്ത ശിക്ഷ ഏർപ്പെടുത്തുന്നത് വിരോധാഭാസമാണ്. പ്രായ ഭേദമന്യേ തന്നെ സംസ്കാരങ്ങളെ വലിച്ചെറിഞ്ഞ് യാന്ത്രിക ജീവിതം വാരിവലിച്ചുടുത്തണിയുന്ന പ്രവണത ശരിയായ രീതിയിൽ വിശകലനം ചെയ്യപ്പെട്ടിട്ടില്ല. സാങ്കേതിക വിദ്യയുടെ നൂതന സാധ്യത ലൈംഗിക വൈകൃതങ്ങൾക്കും, അശ്ലീലതകൾക്കും പരവതാനി വിരിച്ചു കൊടുക്കുമ്പോൾ സ്ത്രീയെ വെറും ശരീര പ്രധാനമായ 'വസ്തു' വായിക്കാണുന്ന പലർക്കും മുന്നിൽ ഏഴു വയസ്സുകാരിയും ഒരു പോലെ പിച്ചിച്ചീന്തപ്പെടുന്നു. ആവശ്യം കഴിഞ്ഞു വലിച്ചെറിയപ്പെടുന്ന ഡിസ്പോസിബിൾ സംസ്കാരത്തിൽ സ്ത്രീ കൂടി ഇടം പിടിക്കുന്നു. പത്തു വയസ്സുകാരനുപോലും സൈബർ വിഹാരം നടത്താൻ പാകത്തിൽ അശ്ലീലതയുടെ ലോകം തുറന്നു പരന്നു കിടക്കുമ്പോൾ വികലമായ ലൈംഗിക ജ്ഞാനവും ബാല്യത്തിന്റെ കൗതുകവും ശരിതെറ്റുകളറിയാത്ത പതിനാലുകാരനെപ്പോലും ഇത്തരം വൈകൃതങ്ങൾക്ക് പ്രേരിപ്പിക്കുന്നു. അതിവേഗം പടരുന്ന ലഹരി ഉപയോഗത്തിന്റെ പിൻബലം കൂടി ആവുമ്പോൾ ഇത്തരം ക്രൂര വിനോദങ്ങൾക്ക് ഇടവും സാധ്യതയും ഏറുകയാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന മിക്കവാറും പീഡന കേസുകളിൽ ലഹരിയുടെ പങ്ക് അനിഷേധ്യവും ഞെട്ടൽ ഉളവാക്കുന്നതുമാണ്.

കാരണങ്ങളെ പുനർ നിർവചിച്ച് ശരിയായ നീതി നിർവഹണം സാധിക്കുന്ന തരത്തിൽ നമ്മുടെ നിയമ സംവിധാനം തികഞ്ഞ ജാഗ്രത പുലർത്തിയാൽ ഒരു പെൺകുട്ടിയും ആക്രമിക്കപ്പെടുന്ന സാഹചര്യം ഉണ്ടാവില്ല. സൈബർ നർക്കോട്ടിക് ലോ എന്നിവയും കാര്യക്ഷമമായ നീതിയിൽ സകല മേഖലകളിലും തന്നെ കണ്ണായി പ്രവർത്തിപ്പിക്കേണ്ടതായുണ്ട്.

അവളും മനുഷ്യനാണ്..... വസ്തുവല്ല.

ആക്രമിക്കൽ പെരുകുന്ന ഇടമായി ലഹരിച്ചുഴികളും ഇലക്ട്രോണിക് ഡിവൈസുകളും മാറുന്നുവെന്നത് ആ മേഖലകളെ കൂടുതൽ നിയമ നിയന്ത്രണങ്ങൾക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകത അറിയിച്ചുകൊണ്ടിരിക്കുന്നു. പ്രതീക്ഷിക്കാം.... ഒരു മാറ്റം... പഴയ പ്രതീക്ഷകൾക്കനുസൃതമായുണ്ടാകുമോ എന്നത് ഇന്നും ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.


Vasila p.p
Int-Botany 3rd Sem

# അന്ന് ലഭിക്കാതെ പോയ വാക്ക്...

അവൾ എന്തോ ചിന്തിച്ചിരിക്കുകയായിരുന്നു. മീര അവളെ തട്ടിവിളിച്ചു. ഞാൻ എന്തൊക്കെയോ ചിന്തിച്ചുപോയി. ഇപ്പോൾ എന്താണ് ഉണ്ടായത് എന്ന്. വല്ല ബോധം ഉണ്ടോ? മീര അവളോട് ദേഷ്യത്തിൽ ചോദിച്ചു. നിനക്ക് വട്ടാണ് മോളെ, നീ അവനെ ആലോചിച്ച് നിന്റെ ജീവിതം തുലയ്ക്കുകയാണ്.

അമ്മു പറഞ്ഞു എനിക്ക് അറിയാം മീര നീ എന്റെ നല്ലതിനാണ് പറയുന്നത്. എനിക്ക് അവനെ ഇഷ്ടമാണ് മറക്കാനാകുന്നുമില്ല. പക്ഷേ അവനോ? അവന് ഇഷ്ടമാണ് എന്നാണ് എന്റെ വിശ്വാസം. എങ്കിൽ നിനക്ക് അത് ചോദിച്ചുകൂടെ....

ചോദിക്കാം... പക്ഷേ എന്നെക്കൊണ്ട് അതിന് പറ്റുന്നില്ല. നീ ഒരു ചിന്താവിഷ്ടയായ ശ്യാമളയാണ് മോളെ.... നീ നിന്റെ ജീവിതം സ്വയം തകർക്കുന്നു. മീര അമ്മുവിനെ ഓർമ്മപ്പെടുത്തി. കഷ്ടതകൾ ഏറെയാണ്. ഈ പതിനെട്ടാം വയസ്സിൽ ഞാനൊരുപാട് അനുഭവിച്ചു. വീട്ടിലെ ബാധ്യതകളും പ്രശ്നങ്ങളും....

അച്ഛനമ്മമാരുടെ കണ്ണുനീർ കണ്ടു മടുത്തു. ഇത്രയും പ്രശ്നങ്ങൾ ഒരു വിദ്യാർത്ഥിക്കും കൊടുക്കരുതേ. എന്റെ ദൈവമേ.... അതാണ് ഞാനും പറഞ്ഞത്. ഇത്രയും പ്രശ്നങ്ങൾക്കിടയിൽ നീ ഇതും കൂടി കൂട്ടണോ എന്നാണ് എന്റെ ചോദ്യം.

മീര നീ പറയുന്നത് എനിക്ക് മനസ്സിലാകുന്നു. രാഹുൽ അവനെ എനിക്ക് മറക്കണം എന്നുണ്ട്. പക്ഷേ ദിവസവും അവനെ ഓർക്കുന്നത് കൊണ്ടാവാം. അവനെ എനിക്ക് വിധിച്ചതാവില്ല അല്ലേ മീര...

ആവില്ലെടീ.... ഞാന്‍ ആഗ്രഹിച്ചത് ഒന്നും ദൈവം എനിക്ക് തന്നിട്ടില്ല ഇന്നും ഞാൻ ആഗ്രഹിക്കുന്നില്ല.

ബെൽ മുഴങ്ങി. ടീച്ചർ ക്ലാസിൽ വന്നു.... രാഹുൽ ഇതുവരെ ക്ലാസിൽ എത്തിയിട്ടില്ല. ടീച്ചർ ക്ലാസ് തുടങ്ങിയതിന് ശേഷമാണ് അവന് വന്നത്. വന്ന ശേഷം ബെഞ്ചിൽ ഇരുന്ന് അവൻ തന്റെ സുഹൃത്ത് നീരവിനോട് ചോദിച്ചു. അമ്മു വന്നില്ലേ.... ദാ ഇരിക്കുന്നു നിന്റെ അവൾ.. നീരവ് കളിയാക്കുന്ന മട്ടിൽ ചിരിച്ചുകൊണ്ട് പറഞ്ഞു. എടാ അവൾക്ക് വേറെ വല്ലതും ഉണ്ടാകുമോ. നീ പറഞ്ഞു നോക്ക് പറയാനുള്ള ധൈര്യം എനിക്കില്ലടാ അവൾ പറ്റില്ലെന്ന് പറഞ്ഞാലോ? എന്നാൽ നീ ഇങ്ങനെ വിഷമിച്ചുകൊണ്ട് നടന്നോ... മിണ്ടാതിരിക്കൂ ടീച്ചർ ഉറക്കെ പറഞ്ഞു. ക്ലാസ് നിശബ്ദതയിലായി.

എടാ അവളോട് പറയണോ.... പറയാം ലേ... ഇന്ന് ക്ലാസ് വിട്ടാൽ പറയാം. പക്ഷേ ക്ലാസ് വിടും മുൻപ് അവൾ പോയിക്കഴിഞ്ഞിരുന്നു അവൾ പോയി. അവളുടെ സുഹൃത്ത് മീരയോട് ചോദിച്ചു നോക്കൂ.. നീരവ് പറഞ്ഞു. അത് വേണ്ടാ ശരിയാവില്ല. അവൾ എന്തിനാവും പോയത്!

അമ്മു ബസ് കാത്തുനിന്നു. അച്ഛൻ അവളെ വിളിച്ചു. നീ എത്താറായില്ലേ എന്നു. തന്റെ കുടുംബത്തിന്റെ ബാധ്യത തോളിലേറ്റുന്ന തിരക്കിലാണ് അവൾ. ലോൺ എടുക്കുവാണ്. താൻ ലോൺ എടുത്തതിനാൽ തന്റെ കുടുംബം രക്ഷപെടട്ടെ. രാഹുൽ എന്നോട് പറയാൻ വന്നിരുന്നു. ഈ ചിന്തയിൽ എനിക്കത് കേൾക്കാൻ കഴിഞ്ഞില്ല. അവന് എന്നെ ഇഷ്ടമാണോ? ആവില്ല ഇത്രയും ബാധ്യതയുള്ള ഒരു പെണ്ണിനെ സ്വീകരിക്കാൻ ആരാണ് തയ്യാറാവുക. അവൻ രക്ഷപെട്ടോട്ടെ ഞാനത് മറക്കാം. മീര പറഞ്ഞതാണ് ശരി. എനിക്ക് ചിന്തിക്കാൻ ഇഷ്ടംപോലെ കാര്യങ്ങളുണ്ട്. അതിനിടയിൽ ഇതുകൂടി വേണ്ട

നിശ്ശബ്ദം അതാണ് നല്ലത്.

രാഹുൽ അവളെയും കാത്തുനിന്നു. പക്ഷേ തന്റെ കുടുംബത്തെ രക്ഷിക്കാനുള്ള ശ്രമത്തിലായിരുന്നു അവൾ. അന്ന് വന്നില്ല. അവന് അത് വല്ലാത്ത സങ്കടമായി തീർന്നു. പിറ്റേന്ന് അവൾ വന്നപ്പോഴും അവൾ മനപ്പൂർവം ഒഴിവാക്കി. അവൾക്ക് വേറൊരാളെ ഇഷ്ടമാണ് എന്ന് അവനും അവന് വേറൊരാളെ ഇഷ്ടമാണ് എന്ന് അവളും വിചാരിച്ചു.

കാലം ഒരുപാട് പോയി. അവൾ തന്റെ സ്വപ്നം നേടി. ഒരു ACCA കാരിയായി. അവനും അവന്റെ സ്വപ്നം പോലെ ഒരു ബിസിനസ്സ് മാൻ ആയി. ഇന്ന് രണ്ടുപേരും രണ്ട് കുടുംബങ്ങളായി ജീവിക്കുന്നു.

വർഷങ്ങൾക്ക് ശേഷം അവർ കണ്ടുമുട്ടി. അവർ ഒരുപാട് സംസാരിച്ചു. അപ്പോൾ ഒരു തമാശയെന്നോണം അവൾ അന്ന് പറഞ്ഞു. രാഹുൽ എടാ പൊട്ട പ്രായത്തിൽ എനിക്ക് നിന്നെ ഇഷ്ടമായിരുന്നു. എന്നിട്ട് അവൾ ഉറക്കെ ചിരിച്ചു. അപ്പോൾ ഒരു നെടുവീർപ്പിട്ട് അവനും അത് പറഞ്ഞു. എനിക്കും നിന്നെ ഇഷ്ടമായിരുന്നു. പെട്ടന്ന് ആ ചിരി മൗനമായി തീർന്ന്. ഇത് നമ്മൾ അന്ന് തന്നെ പറഞ്ഞിരുന്നെങ്കിൽ.....



Surabhi. KM
B. com finance 2nd year


Vasila p.p
Int-Botany 3rd Sem

# കാലമേ നീ കനിയൂ....

കാലമേ നീയിന്ന് ഏറെയധികമായ് മാറി-
ത്തുടങ്ങുമൊരുദ്യാനമായ് മാറുന്നു.
പണ്ടു നിൻ ഉദ്യാനം നിറഞ്ഞുനിന്നൊരാ-
അഴകുള്ള പൂക്കൾ വിരിഞ്ഞതോർക്കുന്നു ഞാൻ.
ഇന്നു നിൻ വൃത്തിടം തരുമൊരു പൂക്കൾ,
കാർനിറമുള്ള നിൻ അഴിമതി പൂക്കൾ!

നിറഭേദങ്ങൾ നിറഞ്ഞൊരാ നിന്റെ
ഉദ്യാനം ഇന്നും ഓർത്തുപോകുന്നു ഞാൻ.
ഏള്ളോളമില്ലാ മനസ്സിൽ വിഷക്കറ
ഏന്നെന്നും നന്മയായ് മാറുന്ന വെൺപൂക്കൾ!
എങ്കിലിതാ ഇന്ന് നീ തരുന്നു കാർനിറമുള്ള
കറുത്തപൂക്കൾ, അത് അഴിമതി പൂക്കൾ.

വർണ്ണപ്പൂക്കൾ തൻ ശിരസ്സ് താഴ്ത്തി
കരിനിറപൂക്കൾ തൻ ശിരസ്സുയർത്തി
വർണ്ണനപ്പൂക്കൾ നിറഞ്ഞൊരുദ്യാനമിന്ന്
കരിനിറപ്പൂക്കൾ നിറഞ്ഞൊഴുകി.

ശിരസ്സുകൾ താഴ്ത്തി നിൽക്കുന്ന പുഷ്പം
ശിരസ്സൊന്നുയർത്താൻ ശ്രമിച്ചുമെല്ലെ.
എങ്കിലാ കരിപുഷ്പം അടിച്ചമർത്തി
അതിന്റെ ശിരസ്സുകൾ താഴ്ത്തി വീണ്ടും വീണ്ടും!

വർണ്ണനപൂക്കൾ തൻ മനസ്സിലരുളി
"ഈ ലോകം എന്തൊരു കഷ്ടലോകം!
പാടില്ലീ അഴിമതി പാടുള്ളതല്ല,
ഞങ്ങളുമീലോകത്തിൻ വെൺപൂക്കൾ
പാടില്ല കരിപൂക്കൾ വളരുവാൻ ഇവിടെ
ഇത് സത്യത്തിൻ ധർമ്മത്തിൻ ഉദ്യാനം!"
അഴകുള്ള ശോഭ തൻ പ്രകാശം പോലെ
പ്രതീക്ഷയും അവയുടെ മനസ്സിൽ വിളങ്ങി!
എന്തെന്നിരുന്നാലും ഞങ്ങളീ മന്നൻ
എന്നുദ്ധരിച്ചുകൊണ്ട് കരിപൂക്കൾ
ശിരസ്സുയർത്തി നിൽപൂ വീരനായ്.


Anshida fathima
B.voc optometry 1st year



Namisha
1st year Bsc. Polymer



Dilsha
BCA 2nd year

"Never bend your head. Hold it high. Look the world straight in the eye."

— Helen Keller.



Navya.N.K

BSC Zoology 3rd year

# ബാല്യകാലസഖി

പ്രശസ്ത മലയാള എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീർ രചിച്ച 'ബാല്യകാലസഖി' പ്രണയത്തിന്റെയും നഷ്ടങ്ങളുടെയും സാമൂഹിക മാനദ-ണ്ഡങ്ങളുടെയും തീവ്രമായ കഥ നെയ്ത ഒരു കാലാതീതമായ മാസ്റ്റർ പീസ് ആണ്. ഉപഭൂഖണ്ഡത്തിൽ 1944 ൽ പ്രസിദ്ധീകരിച്ച ഈ നോവൽ തലമു-റകളെ മറികടന്നു. സമ്പന്നമായ ആഖ്യാനവും ആഴത്തിലുള്ള സാമൂഹിക വ്യാഖ്യാനവും കൊണ്ട് വായനക്കാരെ ആകർഷിക്കുന്നു

നോവലിലെ മനോഹരമായ പദങ്ങളെ പശ്ചാത്തലമാക്കി, "ബാല്യകാ-ലസഖി" ബാല്യകാല സുഹൃത്തുക്കളായ മജീദിന്റെയും സുഹ്റയുടെയും കഥ വികസിക്കുന്നു. അവരുടെ ആദ്യകാലങ്ങളിലെ നിഷ്കളങ്കതയെ സമർ-ത്ഥമായി പകർത്തി. ഒരു ഭൂതകാലത്തിന്റെ ഉജ്ജ്വലമായ ചിത്രം വരച്ചു-കൊണ്ട് ബഷീറിന്റെ ആഖ്യാന വൈഭവം തിളങ്ങുന്നു. ദി ചൈൽഡ്ഹുഡ് കമ്പാനിയൻ എന്ന വിവർത്തനം ചെയ്യുന്ന നോവലിന്റെ ശീർഷകം അവരുടെ ബന്ധത്തിന്റെ സാരാംശം ഉൾക്കൊള്ളുന്നു.

ചുരുളഴിയുന്ന

മജീദും സുഹ്റയും തമ്മിലുള്ള പുരുലയുന്ന പ്രണയത്തെ തടയുന്ന സാമൂഹിക പരിമിതികളെ ചുറ്റിപ്പറ്റിയാണ്. നോവലിന്റെ പ്രമേയ-പരമായ കാതൽ മൂർച്ചയുള്ള വിവേകത്തിനും സാമൂഹിക വിമർശനത്തിനും പ്രമേയപരമായ ആഴത്തിന് പുറമേ "ബാല്യകാലസഖി" അതിന്റെ ഭാഷ

വൈഭവം കൊണ്ട് ആലോചിതമാക്കപ്പെടുന്നു. ഭാഷാ പ്രയോഗങ്ങളാലും പ്രാദേശിക രൂപങ്ങളാലും സ്ഫുടമായ നോവലിന്റെ ഗദ്യത്തിൽ ബഷീറിന്റെ മലയാള ഭാഷാ പാണ്ഡിത്യം പ്രകടമാണ്. ആ ~~കഥ~~ സന്തോഷത്തിന്റെയും ദുഃഖ സങ്കടത്തിന്റെയും നിമിഷങ്ങൾക്കിടയിൽ തടസ്സമില്ലാതെ ഒഴുകുന്ന മനുഷ്യ വികാരങ്ങളുടെ സൂക്ഷ്മതകൾ പകർത്തുന്നു.

ഒരു സാഹിത്യ ക്ലാസിക്ക് എന്ന നിലയിൽ 'ബാല്യകാലസഖി' അതിന്റെ ശാശ്വതമായ പ്രസക്തിയും സാംസ്കാരിക പ്രാധാന്യവും കൊണ്ട് വ്യാപകമായ പ്രശംസ നേടിയിട്ടുണ്ട്. പ്രണയം, ത്യാഗം, സാമൂഹിക മാനദണ്ഡങ്ങൾ എന്നിവയെ കുറിച്ചുള്ള ബഷീറിന്റെ അന്വേഷണങ്ങൾ കാലികവും സാംസ്കാരികവുമായ അതിർവരമ്പുകൾ മറികടന്ന് നോവലിനെ ഒരു സാർവത്രിക രത്നമാക്കി മാറ്റുന്നു.

സമാപനത്തിൽ, വൈക്കം മുഹമ്മദ് ബഷീറിന്റെ "ബാല്യകാലസഖി' സമൂഹത്തെ പ്രതിഫലിപ്പിക്കാനും വിമർശിക്കാനും സാഹിത്യത്തിനുള്ള ശക്തിയുടെ തെളിവായി നിലകൊള്ളുന്നു' ശ്രദ്ധേയമായ ആഖ്യാനത്തി~~ൽ~~ലൂടെയും നന്നായി വരച്ച കഥാപാത്രങ്ങളിലൂടെയും ഭാഷാ വൈദഗ്ധ്യ-ത്തിലൂടെയും നോവൽ വായനക്കാരെ ആകർഷിക്കുന്നത് തുടരുന്നു. ഇത് സാഹിത്യ ഭൂപ്രകൃതിയിൽ മായാത്ത മുദ്ര പതിപ്പിച്ചു.

പൊരുത്തക്കേട് ബഷീർ ജാതി വിവേചനം, വർഗ വിഭജനം, ലിംഗ മാനദണ്ഡങ്ങൾ തുടങ്ങിയ പ്രസക്തമായ പ്രശ്നങ്ങളെ അഭിസം-ബോധന ചെയ്യുന്നതിൽ നിന്ന് പിന്മാറുന്നില്ല. മജീദിന്റെയും സുഹ്റയുടെയും കഥയുടെ ലെൻസിലൂടെ യാഥാസ്ഥിതിക സമൂഹത്തിൽ വ്യക്തികൾ നേരിടുന്ന കഠിനമായ യാഥാർത്ഥ്യങ്ങളെ അദ്ദേഹം അനാവരണം ചെയ്യുന്നു

"ബാല്യകാലസഖി'യിലെ കഥാപാത്രങ്ങൾ നന്നായി കൊത്തിവച്ചിരിക്കുന്നു
അവ ഓരോന്നും ആഖ്യാനത്തിന്റെ വൈകാരിക ആഴത്തിലേക്ക്
സംഭാവന ചെയ്യുന്നു. ഒരു ആദർശവാദിയായ യുവാവായി ചിത്രീ-
കരിക്കപ്പെട്ട മജീദ്, സാമൂഹിക മാനദണ്ഡങ്ങൾക്കെതിരായ കലാപ-
ത്തിന്റെ പ്രതീകമായി മാറുന്നു. സുഹറയാകട്ടെ പ്രതികൂല സാഹ-
ചര്യങ്ങളെ നേരിടാനുള്ള കരുത്ത് ഉൾക്കൊള്ളുന്നു. തന്റെ കഥാപാത്രങ്ങൾക്ക്
ജീവൻ പകരാനുള്ള ബഷീറിന്റെ കഴിവ് വായനക്കാരെ അവരുടെ സന്തോ-
ഷങ്ങളും സങ്കടങ്ങളും ആഴത്തിലുള്ള തലത്തിൽ ബന്ധിപ്പിക്കാൻ
അനുവദിക്കുന്നു.

നോവലിന്റെ ആഖ്യാനശൈലി ശ്രദ്ധേയമാണ്, കഥപറച്ചിലിന് പാളികൾ
ചേർക്കുന്ന ഒരു നോൺ-ലീനിയർ ടൈംലൈൻ ഉപയോഗിക്കുന്നു.
മജീദിന്റെയും സുഹ്റയുടെയും ബാല്യകാലവും പ്രായപൂർത്തിയായപ്പോൾ
അവർ നേരിടുന്ന വെല്ലുവിളികളുമായുള്ള സംയോജന ആഖ്യാനത്തിന്റെ
വൈകാരിക സ്വാധീനം വർദ്ധിപ്പിക്കുന്നു. നന്നായി ഇഴചേർന്ന ബഷീറിന്റെ
നോവൽ അവസാന പേജ് മറിച്ചിട്ട് വളരെക്കാലത്തിനുശേഷം
വായനക്കാരിൽ പ്രതിധ്വനിക്കുന്ന ഒരു വായനാനുഭവം സൃഷ്ടിക്കുന്നു.

Shebea sheri
Bvoc Retail Managment
1st year




الله
محمد رسول
صلى الله عليه وسلم
Fathima Hadila K.P
B.voc optometry
2nd year.

# Women Empowerment Barriers

Women's empowearment has become a significant topic of discussion in development and economics. Economic development allow women to control and benefit from resource, assets, and income. It also aids to the ability to manage risk and improve women's wellbeing.

Many of the barriers to women's empowearment and equity are the results of withdrawals. while many women are aware of the issue based on gender equality.

* significant gender imbalance that pose challenge in managing a sustainable environment

* The effects of leadership and decision making women's responsibility at home, make it difficult to take part and engaged in decision making. As this indicates that women's need priority and skills are being ignored when managing resources and making decision. This affects empowerment in community and the power to create to changes.

* the effects of violence against women. Human rights watch claims that a lot of women all around the world faced to toxic environment at work where they encounter a variety of

unwanted sexual acts. This effects women in long term, from physical & mental health to public engagement. A barriers to women's growth value and a factor in the discrimination of jobs based on gender is the fear of enduring violences at work.



Anamika P.T.
Int. Botany 1st sem.

# കരച്ചില്



പലരും
പലതായാണ്
കരയാറ്...
എല്ലാവരും...
വായിച്ച പുസ്തകത്തിലെ
വരിയായി കരയുന്നവരുണ്ട്
അർത്ഥവും വ്യാഖ്യാനവും
എല്ലാരിലും എത്തുന്നവ....
പൂ വിരിയും പോലെ
വൃത്തത്തിൽ എഴുതപ്പെട്ട
കവിതയായി കരയുന്നവരുണ്ട്...
ആ വൃത്തത്തിൽ
അകത്തുള്ളവർക്ക് മാത്രം
മനസിലാകുന്നവ...
ചിലയിടത്ത് മാത്രം പെയ്യുന്ന മഴ
പോലെ...
ചുമരിലും പുറത്തും
എല്ലാർക്കും കാണാനും
അറിയാനുമായി എഴുതിയ
നിർദ്ദേശം പോലെ കരയുന്നവരുണ്ട്...

ചില മരണങ്ങൾ പോലെ...

ചില കവിതകൾ പോലെ

കരയുന്നവരുണ്ട്...

എഴുതിയവന് മാത്രം

വായിച്ചെടുക്കാൻ കഴിയുന്നവ...

വീഞ്ഞ് പോലെ...

എഴുതാൻ പോകുന്ന കവിതകൾ

പോലെ കരയുന്നവരുമുണ്ട്...

പേനത്തുമ്പിൽ ശ്വാസം മുട്ടി കിടക്കുന്ന

കവിത...

ഒരു കുഞ്ഞിവരയായി പുറത്ത് വന്ന്

ഒന്നുല്ല്യാതെ...

വളരെ ശൂന്യമായി

Anupriya.

Psychology




Namisha
Ist Year Bsc. Polymer Chemistry

# ഒരു തിരിഞ്ഞുനോട്ടം

മുൻപോട്ടുള്ള പ്രയാണത്തിൽ അവൻ തിരിഞ്ഞുനോക്കി
പിന്നിൽ നിന്നൊരു മുഴക്കം.
യാഥാർത്ഥ്യമോ. അതോ ദിവാസ്വപ്നമോ?
കോരനും വെള്ളാരനും വിതച്ച വയലെവിടെ?
കളകളാരവം പൊഴിക്കും അരുവിയെവിടെ?
കള്ള് പകുത്തിടും ഷാപ്പെവിടെ, ആളനക്കമെവിടെ?
ചേറിൽ ഉല്ലസിച്ചിടും ബാല്യങ്ങളെവിടെ?
നാട്ടുവർത്തമാനം പറഞ്ഞിടും കൃഷ്ണനും മുഹമ്മദും
കുര്യാക്കോസും എന്തേ പിരിഞ്ഞുപോയോ?
പതിയെ പതിയെ ശബ്ദം വ്യക്തം.
സൃഷ്ടാവിൻ കളിയരങ്ങോ, സഞ്ചാരത്തിന് നിരോധനം
എവിടെ നാം സൃഷ്ടിച്ച ബോംബുകൾ മിസൈലുകൾ
അത് മനുഷ്യാ, നിന്നെ വധിക്കാൻ, അണുവിനെയല്ല
ദൈവത്തിൻ പ്രതിധ്വനി.
വേഗം വീടണയാം, എല്ലാം മാറിയിരിക്കുന്നു
മാറ്റമില്ലാത്തതൊന്നിനേ; മാറ്റമേ നിനക്ക് മാത്രം
മാറ്റമേ നിനക്ക് മാത്രം.

Vivek Varma. P
Bsc. chemistry 5th sem.


Fathima minha
Bsc polymer chemistry Ist yr

# പറയാൻ മറന്നത്....

അന്നൊരു ഇലക്ഷൻ ചൂടിലാണ് ഞാൻ ആദ്യമായി അവളെ കാണുന്നത്. പണ്ടൊരിക്കെ പറയാൻ വെച്ചതെന്തോ പറഞ്ഞു തീർക്കുന്ന തിരക്കിലായിരുന്നു അവൾ... ഏറെ നാൾ നോക്കി നിന്ന് മാത്രം കടന്ന് പോയെങ്കിലും പിന്നീട് വന്ന ഒരു ദിവസം ഞങ്ങൾ ആ ബദാം ഗാലറിക്ക് കീഴിൽ ഇരുന്ന് ഒത്തിരി സംസാരിച്ചു. പെട്ടെന്ന് അവളുടെ ഇലത്തുമ്പുകളിൽ നിന്നുതിർന്ന ഒരു വെള്ളത്തുള്ളി എന്നെ തലോടി ഉണർത്തി... പതിവിലുപരി അവൾ ഒരുപാട് സംസാരിക്കാൻ തുടങ്ങി... പെട്ടെന്ന് തന്നെ അവൾ പുഞ്ചിരിച്ച് കൊണ്ട് നിശബ്ദയായി. അത് എന്ത് കൊണ്ടാണെന്ന് മനസ്സിലാക്കാൻ അധികസമയം എടുത്തില്ല... എല്ലാ കോളേജിലെതും പോലെ ഞങ്ങൾക്കും കിട്ടി ഒരു റാഗിംങ്. മനസ്സിലാണെങ്കിലും അവരെ വൃക്കും പറഞ്ഞ് ഞങ്ങൾ ഒരു പിടി ദേഷ്യവും ഉള്ളിലൊതുക്കി അവിടെ നിന്നും മാറിക്കൊടുത്തു. പിന്നീടുള്ള ഓരോ ഇടവേളകളിലും ഞാൻ അവളെ സന്ദർശിക്കാൻ തുടങ്ങി... പരസ്പരം ഒന്നും പറയാതെ ഞങ്ങടെ മനസ്സുകൾ തമ്മിൽ ഏറെ അടുത്തു... വേനലിലെ ചൂടിലും മഴയിലും ഡിസംബറിലെ തണുപ്പിലും ഞാൻ അവൾക്കൊപ്പം ഉണ്ടായിരുന്നു. പെട്ടന്നൊരിക്കെ ഞങ്ങൾക്കിടയിൽ വന്ന ചെറിയ ഒരു ഇടവേളയിൽ ഞങ്ങൾ തമ്മിൽ ഒരുപാടകന്നു... അവളെ പോലെ പലരെയും കണ്ടെങ്കിലും അവളോളം ഒന്നും എന്നിലേക്ക് ആഴ്ന്നിറങ്ങിയിട്ടില്ലായിരുന്നു.... ക്രിസ്തുമസ് അവധിക്ക് ശേഷം അവളെ കണ്ട ഞാൻ ആകെ അമ്പരന്നു. ഒട്ടും സംസാരിക്കാതെ ഏറെ നേരവും മൗനമായിരിക്കുന്ന പ്രകൃതം.... അവളിലെ പുഞ്ചിരി പോലും അസ്തമിച്ചിരുന്നു.... ഞാൻ എത്രയേറെ സംസാരിക്കാൻ ശ്രമിച്ചിട്ടും ഒന്നും പറയാതെ മൂകതയോടെ, ഏറെ

വിഷമത്തോടെയും നിസ്സഹായതയോടെയും എന്നെ നോക്കുന്നത് പോലെ തോന്നി. അവൾ പോലും അറിയാതെ അവളുടെ കണ്ണുകളിൽ കണ്ണുനീർ ത്തുള്ളി കെട്ടി നിന്നിരുന്നു... പക്ഷേ അതിലുപരി അവൾ മനഃപൂർവ്വം എന്നെ അവളിൽ നിന്ന് അകറ്റുന്നതായി എനിക്ക് തോന്നി... കാറ്റിൽ പൊഴിഞ്ഞു വീണ അവളുടെ ഇലകൾക്കും ശിഖിരങ്ങൾക്കും ഞാൻ കൂട്ടിരിന്നു... നീ എത്ര വികൃതമായാലും എന്റെ മനസ്സിൽ എന്നും ആ പഴയ ഐശ്വര്യത്തോടെ നിറഞ്ഞ് നിൽക്കും എന്ന് മനസ്സിലൊരായിരം തവണ മന്ത്രിച്ചു... ഈ കാലത്തിനിടയിൽ ഞാൻ ഒരിക്കലും കാണാത്ത ഒരു മുഖമായത് കൊണ്ട് തന്നെ ആദ്യം ഒന്ന് പേടിച്ചെങ്കിലും പിന്നീട് അവൾ പതിയെ ശിശിരത്തിന് അടിമപ്പെടുകയാണെന്ന് എനിക്ക് മനസ്സിലായി... അവൾ മനസ്സില്ലാ മനസ്സോടെയാണ് എന്നെ അകറ്റുന്നത് എന്ന് അറിഞ്ഞുകൊണ്ട്... അവൾ എന്നെ വെറുക്കും തോറും ഞാൻ അവളെ എന്റെ സ്വന്തമാക്കാൻ ആഗ്രഹിച്ചു... ഏറെ നാളിന് ശേഷം വൈകി വന്ന വേനൽ ഒരിക്കൽ അവളെ അവളുടെ പഴയ ശോഭയിലേക്ക് തിരിച്ച് കൊണ്ട് വന്നു. മഞ്ഞ പട്ടുടുത്ത ഒരു സുന്ദരി... ഏറെ ദൂരത്ത് നിന്ന് തന്നെ എന്നെ മാടിവിളിച്ച് ശ്രദ്ധ അവളിലേക്ക് തിരിച്ചു... അന്ന് ആ വേനൽ എനിക്ക് ഒരു അനുഗ്രഹമായിരിന്നു. പിന്നീടും ഞങ്ങൾ പഴയത് പോലെ സംസാരിക്കാൻ തുടങ്ങി എങ്കിലും ഉള്ളിലെ സ്നേഹം തുറന്ന് പറയാൻ രണ്ട് പേരും തയ്യാറായില്ല... ഏറെ നേരം കണ്ണുകളിലേക്ക് നോക്കി ഇരിക്കും. മനസ്സുകൾ തമ്മിൽ മൗനമായി ഏറെ നേരം സംസാരിച്ച് ഞങ്ങടെ ഉള്ളിൽ ഇനിയും പൂക്കാതെ നിൽക്കുന്ന പ്രണയം കൈമാറും അത്രമാത്രം... പക്ഷേ, ഈ മനോഹര നിമിഷങ്ങൾക്കിടയിൽ അപ്രതീക്ഷിതമായി കടന്ന് വന്ന lock down ഞങ്ങളെ തമ്മിൽ വീണ്ടും ഏറെ ദൂരമകറ്റി... പരസ്പരം ഇനി വീണ്ടും എന്ന് കാണും എന്ന് പോലും പറയാൻ കഴിയാതെ ഞങ്ങൾ വീണ്ടും അകന്നു. ഇനി വീണ്ടും കണ്ടുമുട്ടാമെന്നും, അന്നിത് വരെ ഞാൻ അവളോട് പറയാൻ മടിച്ചിരുന്ന

എന്റെ ഉള്ളിൽ പൂത്ത് നിൽക്കുന്ന ആ പ്രണയം ഞാൻ അവളോട് തുറന്ന് പറയും...

ഋതുഭേദങ്ങൾക്കിപ്പുറം ബദാം ഗാലറിയിലെ ആ പൂമരങ്ങൾ എനിക്കായി ഇനിയും പൂക്കൾ പൊഴിക്കും.....

വസന്തം വരും.... വരാതിരിക്കില്ല....

Susmi.K.Skariya
MSc. Computer Science Ist Sem





Namisha

First year Bsc. Chemist

# Navigating contemporary challenges An overview of issues faced by women today

In the 21st century, Women have made significant strikes towards equality, yet a myriad of challenges persist, shaping the complex landscape they navigate daily. This delves into some of the pressing issues faced by women today, shedding light on the ongoing struggle for gender parity.

One of the paramount challenges is the persistant gender pay gap. Despite advancements, women on average, continue to earn less than their male counterparts for similar work. This economic desparity not only hampers financial Independence but also perpetuates broader societal inequalities. Violence against women remains a critical issue, manifesting in various forms such as domestic violence, sexual assult and harrasment.

The # me too movement has spotlighted the prevelance of such incidents, emphasizing the urgent need for systamatic change and a cultural shift towards a safer environment for women.

Balancing carreer and family is another significant hurdle. The expectultions placed on women to excel in both

proffessional and domestic spheres create a constant juggling act, often leading to burnout and limiting career advancement opportunities.

Reproductive rights continue to be a contentious issue. Access to affordable and comprehensive health care. Including family planning services, remains uneven globally. Political debater over women's autonomy in making choices about their bodies persist, highlighting the ongoing struggle for reproductive freedom.

Under representation in leadership roles and decision-making positions is a structural issue that hinders progress. Despite women's increasing participation in the work force, the glass ceiling remains, impeding their ascent to leadership positions and prepetuating gender imbalances in various industries.

Body image and social expectations of beauty also contribute to the challenges women face. The media's portrayer of an idealized female body can lead to unrealistic standards, foresting self-esteem issues and impacting mental health.

Intersectionality further exacerbates the challenges faced by women, with those form marginalized communities experiencing compounded disadvantages. Recognizing and addressing these intersecting layers of oppression is crucial

for acheiving true gender equality.

In conclusion, while progress has been made women continue to confront a range of complex challenges in contemporary society. Acheiving gender equality requires concerted efforts on multiple fronts encompossing legal reforms, cultural , shifts, and a commitment to dismanting systemic barriers.

Fathima Hanan . KT
Integrated Botany
I st year





Subana Sinu,


The Rape of child
is
The Rape of Divinity
SAVE
Girl child
Fathima Minha. P



Sayyidath Minha. k.p
Bsc. Zoology I[st] year



Namisha
Bsc. chemistry Ist year




Namisha
1st year Bsc chemistry



Shahana B.com (5010)
I st year




Aswathi . TP



Nasla Sheri V.V
2nd Year Bvoc optometry